**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1657** **13-02-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിലെ അഫിലിയേറ്റിങ് കോളേജുകളിലും, മലയാളം, കാലടി സർവ്വകലാശാലകളിലും നാലുവർഷ ബിരുദ പ്രോഗ്രാമുകളും നാലുവർഷ ബിരുദത്തോടു കൂടിയ ഇന്റഗ്രേറ്റഡ് മാസ്റ്റർ പ്രോഗ്രാമുകളും ഈ വർഷം ആരംഭിച്ചിട്ടുണ്ട്. 2024-'25 അധ്യയന വർഷം ഈ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പൂർത്തിയാക്കി രണ്ടാം സെമസ്റ്റർ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോഗ്രാമിൽ എക്സിറ്റ് ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | നാലുവർഷ ബിരുദപ്രോഗ്രാമിൽ 3 വിധത്തിൽ ബിരുദം പൂർത്തിയാക്കാൻ സാധിക്കും. എക്സിറ്റ് ഓപ്ഷൻ പ്രയോജനപ്പെടുത്തി 3 വർഷത്തിനു ശേഷം ബിരുദം നേടുകയോ, നാലാം വർഷത്തിനു ശേഷം ഓണേഴ്സ് ബിരുദം നേടുകയോ ചെയ്യാം. കൂടാതെ, നാലാം വർഷം നിശ്ചിത ക്രെഡിറ്റോടെ ഗവേഷണ പ്രോജക്റ്റ് പൂർത്തിയാക്കുന്നവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദവും നേടാം. FYUGP-ൽ ഒന്നും രണ്ടും വർഷ എക്സിറ്റ് ഓപ്ഷനുകൾ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രോഗ്രാം ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഉറപ്പ് വരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (സി) | ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ മുൻതൂക്കവും പ്രോത്സാഹനവും നാലുവർഷ ബിരുദ പ്രോഗ്രാം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗവേഷണാടിസ്ഥിത ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പ്രസ്തുത പ്രോഗ്രാം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ? | (ഡി) | നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ, എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ എന്നിവ ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് സഹായകരമാകും വിധത്തിലുള്ളതാണ്. |

| | | | |
|---|---|---|---|
| | | | FYUG പ്രോഗ്രാമുകൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള പ്രോഗ്രാമുകളുമായി തുല്യത വരുന്നതിന് നാലുവർഷ പ്രോഗ്രാം സഹായിക്കും. അതുവഴി ഉപരിപഠനത്തിനും തൊഴിലിനും ഈ ബിരുദങ്ങൾ സഹായകരമാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ